നം. സി.ഇ.ഇ/1515 /2011/കെഇഎഎം-2012/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

## 2012 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട കേന്ദ്രീകൃത അലോട്ടുമെന്റ്

2012 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള മൂന്നാം ഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങൾ **01.08.2012** ന് ആരംഭിക്കുന്നതാണ്. ഇതിനോടനുബന്ധിച്ച് വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോഴ്സ്/കോളേജിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും **01.08.2012 മുതൽ 03.08.2012 വരെ www.cee.kerala.gov.in** എന്ന വെബ് സൈറ്റിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്. **03.08.2012** വൈകുന്നേരം 5 മണി വരെ ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **05.08.2012-ന് മൂന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്.** മൂന്നാം ഘട്ട അലോട്ടുമെന്റ് പ്രകാരം അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ടുമെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി ഫീസ് **06.08.2012, 07.08.2012** എന്നീ തീയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കേണ്ടതാണ്. **SBT** ശാഖകളുടെ ലിസ്റ്റ് വെബ് സൈറ്റിൽ ലഭ്യമാണ്.

കേന്ദ്രീകൃത അലോട്ടുമെന്റ് പ്രക്രിയ പ്രകാരം അലോട്ടുമെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും മൂന്നാം ഘട്ട അലോട്ടുമെന്റ് മെമ്മോയുടെ പ്രിന്റൗട്ടും KEAM 2012 പ്രോസ്പെക്ടസ് ഖണ്ഡിക **11.7.1** ൽ പറയുന്ന രേഖകളുടെ അസ്സലും സഹിതം **06.08.2012, 07.08.2012, 08.08.2012** എന്നീ തീയതികളിൽ അതത് കോളേജ് പ്രിൻസിപ്പലിനു മുമ്പാകെ നേരിട്ട് ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. ഫീസിനത്തിൽ കോളേജിൽ അടയ്ക്കേണ്ട ബാക്കിതുക ഉണ്ടെങ്കിൽ അത് അഡ്മിഷൻ സമയത്ത് കോളേജിൽ ഒടുക്കേണ്ടതാണ്. പ്രവേശനവുമായി ബന്ധപ്പെട്ട ഷെഡ്യൂൾ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

**08.08.2012** വൈകുന്നേരം **5.30ന്** മുമ്പ് ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർ നോൺ ജോയിനിംഗ് റിപ്പോർട്ട് ഓൺലൈനായി രേഖപ്പെടുത്തിയ ശേഷം അതിന്റെ പ്രിൻൗട്ട് ഈ ഓഫീസിലേക്ക് ഫാക്സ് മുഖാന്തിരം അയച്ചു തരേണ്ടതാണ്.

**മൂന്നാം ഘട്ട അലോട്ടുമെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു:**

| | |
|---|---|
| 01.08.2012 | നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോഴ്സ്/കോളേജു കളിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു |
| 03.08.2012 (വൈകുന്നേരം 5 മണി ) | ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു |
| 05.08.2012 | **മൂന്നാം ഘട്ട അലോട്ടുമെന്റ്** |
| 06.08.2012 & 07.08.2012 | അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ ഫീസ്/ ബാക്കി ഫീസ് ഒടുക്കണം |

| | |
|---|---|
| 06.08.2012 മുതൽ<br>08.08.2012 വരെ | വിദ്യാർത്ഥികൾ അലോട്ടുമെന്റ് ലഭിച്ച കോളേജിലെ പ്രിൻസിപ്പലിനു മുമ്പാകെ ബന്ധപ്പെട്ട അസ്സൽ രേഖകൾ സഹിതം ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. അതോടൊപ്പം ഫീസിനത്തിൽ കോളേജിൽ ഒടുക്കേണ്ട ബാക്കി തുക ഉണ്ടെങ്കിൽ അതും കോളേജിൽ ഒടുക്കേണ്ടതാണ്. |
| 08.08.2012<br>(വൈകുന്നേരം 5.30) | കോളേജ് പ്രിൻസിപ്പൽമാർ നോൺ ജോയിനിംഗ് റിപ്പോർട്ട് പ്രവേശന പരീക്ഷ കമ്മീഷണർക്കു ഓൺലൈനായും അതിന്റെ പ്രിന്റൗട്ട് ഫാക്സ് മുഖാന്തിരവും നൽകണം. |
| 06.08.2012 മുതൽ<br>09.08.2012 വരെ | അലോട്ടുമെന്റ്/ അഡ്മിഷൻ റദ്ദാക്കാൻ ആഗ്രഹിക്കുന്നവർ അതിനുള്ള അപേക്ഷ ഓൺലൈനായി നൽകണം. തുടർന്ന് ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് 09.08.2012 വൈകുന്നേരം 5 മണിക്കു മുമ്പ് പ്രവേശന പരീക്ഷ കമ്മീഷണറുടെ ഓഫീസിൽ എത്തിക്കണം. |
| 11.08.2012 മുതൽ<br>12.08.2012 വരെ | 4-ാം ഘട്ട അലോട്ടുമെന്റിനു മുന്നോടിയായി ഓപ്ഷൻ പുന:ക്രമീകരിക്കുന്നതിനും/ റദ്ദാക്കുന്നതിനുമായി വെബ്സൈറ്റ് സജ്ജമാകുന്നു. |
| 14.08.2012 | എഞ്ചിനീയറിംഗ്, ബി.ആർക്ക് കോഴ്സുകളിലേയ്ക്കു മാത്രമുള്ള നാലാമത്തെ അലോട്ടുമെന്റ്. |

**നിർദ്ദിഷ്ട തീയതികളിൽ കോളേജുകളിൽ ഹാജരായി അഡ്മിഷൻ എടുക്കാത്ത വിദ്യാർത്ഥികളുടെ അലോട്ടുമെന്റും ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. അവരെ തുടർന്നുള്ള അലോട്ടുമെന്റുകൾക്ക് പരിഗണിക്കുന്നതല്ല.**

**മൂന്നാം ഘട്ട അലോട്ടുമെന്റിൽ താഴെപറയുന്ന കോഴ്സ്/കോളേജുകളിലേക്ക് പുതുതായി ഓപ്ഷൻ നൽകാവുന്നതാണ്**

| Sl No | Code No. | Name of College | Course Code and seats |
|---|---|---|---|
| **A) ENGINEERING** | | | |
| **NEW ENGINEERING COLLEGES** | | | |
| 1 | NML | North Malabar Institute of Technology, Kanhangad | CS - 60<br>EC – 60<br>EE – 60<br>CE – 60<br>ME – 60 |
| 2 | KVE | KVM College of Engineering & Information Technology, Cherthala, Alappuzha | CS - 60<br>EC – 60<br>EE – 60<br>CE – 60<br>ME – 60 |
| **NEW ENGINEERING COURSE** | | | |
| 1 | TRV | Govt. Engineering College, Barton Hill, Thiruvananthapuram | CE - 60 |
| **ADDITIONAL INTAKE** | | | |
| 1 | TJE | Thejus Engineering College, Vellarakkad, Thrissur | EC - 60 to 120<br>ME – 60 to 120 |
| 2 | JEC | Jyothi Engineering College, Cheruthuruthy, Thrissur | ME – 60 to 120 |

| | | | |
|---|---|---|---|
| **B) BAMS** | | | |
| **NEWLY ADDED AYURVEDA COLLEGES** | | | |
| **Government Ayurveda Colleges** | | | |
| 1 | KNA | Government Ayurveda College, Medical College P.O, Pariyarum, Kannur | BAMS –38 |
| 2 | TPA | Government Ayurveda College, Dhanwanthari nagar, Tripunithura, EKM | BAMS –49 |
| 3 | TVA | Government Ayurveda College, GPO, Thiruvananthapuram - 695001 | BAMS –70 |
| **Aided Ayurveda Colleges** | | | |
| 4 | KTL | VPSV Ayurveda College,Edarikode P.O, Kottakkal, Malappuram | BAMS –50 |
| 5 | OLR | Vaidyaretnam Ayurveda College Thaikkattussery P.O, Ollur, Thrissur | BAMS –40 |
| **Self Financing Ayurveda Colleges** | | | |
| 1 | MAM | Mannam Ayurveda Co-operative Medical College, Pandalam, Pathanamthitta | BAMS – 50 |
| **C) BHMS** | | | |
| **NEWLY ADDED HOMOEO COLLEGES** | | | |
| **Government Homoeo Colleges** | | | |
| 1 | KKH | Government Homoeopathic Medical College, Karaparamba P.O, Kozhikode | BHMS – 50 |
| 2 | TVH | Government Homoeopathic Medical College, Iranimuttam, Trivandrum | BHMS – 50 |
| **Aided Homoeo Colleges** | | | |
| 3 | EKH | Dr. Padiyar Memorial Homoeopathic Medical College, Chottanikkara, Ernakulam | BHMS – 50 |
| 4 | KTH | Athurasramam NSS Homoeopathic Medical College, Sachivothamapuram P.O., Kottayam | BHMS – 50 |
| 5 | NEH | Sree Vidyadhiraja Homoeopathic Medical College, Nemom, Trivandrum | BHMS – 50 |

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിലും സിറ്റിസൺ കാൾസെന്ററിന്റെ **155300, 0471-2115054, 2115098, 2335523** എന്നീ നമ്പരുകളിലും ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
31.07.2012

**പ്രവേശന പരീക്ഷാ കമ്മീഷണർ**